പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6014      04/07/2019 മറുപടിയ്ക്ക്

# പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് പ്രൈമറി സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് എത്ര അംഗീകൃത പ്രൈമറി സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് സർക്കാർ/ എയ്ഡഡ് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) കൊല്ലം ജില്ലയിൽ 303 സർക്കാർ സ്കൂളുകളിൽ പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളും സർക്കാർ നേരിട്ട് നടത്തുന്ന 4 പ്രീ-പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. എയ്ഡഡ് വിഭാഗം പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിച്ചിട്ടില്ല. ആയതിനാൽ വിവരം ശേഖരിച്ചിട്ടില്ല. |
| (ബി) എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഇല്ല. നിലവിൽ എയ്ഡഡ് വിഭാഗം പ്രീ-പ്രൈമറികൾക്ക് സർക്കാർ തലത്തിൽ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ അവിടത്തെ ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹതയില്ല |
| (സി) നിലവിൽ ഇവിടെ എത്ര സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങൾ പ്രീ-പ്രൈമറി വിഭാഗത്തിന്റെ അംഗീകാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;<br>(ഡി) അപേക്ഷ നൽകിയ മുഴുവൻ വിദ്യാലയങ്ങളുടെയും പ്രീ-പ്രൈമറി വിഭാഗത്തിന് അംഗീകാരം നൽകുമോ? | (സി)യും (ഡി)യും കോടതി, കമ്മീഷനുകൾ എന്നിവിടങ്ങളിലും നേരിട്ടും നിരവധി അപേക്ഷകൾ ലഭ്യമാകുന്നുണ്ട്. 07/12/2012-ന് ശേഷം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാൻ പാടില്ല എന്ന് സർക്കാർ ഉത്തരവുള്ളതിനാൽ വിവരം ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ